# കേരള സർവകലാശാല

## ഒന്നാം വർഷ ബിരുദ പ്രവേശനം 2022-2023

## ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- പ്രോസ്പെക്ടസ് വിശദമായി വായിച്ചതിനു ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുക.
- ഓൺലൈൻ അപേക്ഷാ ഫോറത്തിലെ എല്ലാ വിവരങ്ങളും ശ്രദ്ധയോടെയും കൃത്യതയോടെയും പൂരിപ്പിക്കുക.
- രജിസ്ട്രേഷൻ നടപടികളിലെ ആദ്യ സ്റ്റെപ്പ് അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ജനറേറ്റ് ചെയ്യുക എന്നുള്ളതാണ്. ഇതിനായി https://admissions.keralauniversity.ac.in/ സൈറ്റിലെ UG പേജ് എടുത്ത ശേഷം "Click Here to Apply" എന്നുള്ള ലിങ്ക് ക്ലിക്ക് ചെയ്യുക. ഇവിടെ അപേക്ഷാർത്ഥിയുടെ പേര്, ജനന തീയതി, പരീക്ഷാ ബോർഡ്, രജിസ്റ്റർ നമ്പർ, പാസ്സായ വർഷം, ലിംഗം, ഇ മെയിൽ ഐ.ഡി., എന്നീ വിവരങ്ങൾ ( പേര്, ജനന തീയതി എന്നിവ എസ്.എസ്.എൽ.സി സർട്ടിഫിക്കേറ്റിലേത് പോലെയും രജിസ്റ്റർ നമ്പർ, പാസ്സായ വർഷം എന്നിവ പ്ലസ് 2/തത്തുല്യ മാർക്ക് ലിസ്റ്റിലേത് പോലെയും) നൽകി സബ്മിറ്റ് ചെയ്യുക. അപ്പോൾ അപേക്ഷാ നമ്പർ, പാസ്സ്‌വേർഡ് എന്നിവ ലഭിക്കും. ജനന തീയതി (dd/mm/yyyy ഫോർമാറ്റിൽ) ആയിരിക്കും ഡിഫോൾട്ട് പാസ്സ്‌വേർഡ് ആയി ലഭിക്കുന്നത് .
- അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ജനറേറ്റ് ചെയ്തു കഴിഞ്ഞാൽ ഓൺലൈൻ അപേക്ഷാ ഫോറം പൂരിപ്പിക്കുന്നതിലേക്കായി പ്രൊഫൈലിൽ ലോഗിൻ ചെയ്യുക. എട്ട് സ്റ്റെപ്പുകളായാണ് അപേക്ഷാ ഫോറം പൂരിപ്പിക്കേണ്ടത്. (പ്രോസ്പെക്ടസ് ഖണ്ഡിക 7.3 കാണുക)

**1. വിദ്യാർഥിയുടെ പ്രൊഫൈൽ രജിസ്ട്രേഷൻ.**

➢ കേരളീയൻ അല്ലാത്തവർ സംവരണ ആനുകൂല്യങ്ങൾക്ക് അർഹരല്ല. ആയതിനാൽ കേരളീയനാണോ അല്ലയോ എന്ന വിവരം ( Are you Keralite? ) എന്ന ഭാഗത്ത് കൃത്യമായി നൽകുക. (പ്രോസ്പെക്ടസ് ഖണ്ഡിക 6.1 കാണുക)

➢ ഓൺലൈൻ അപേക്ഷയിൽ നൽകുന്ന മൊബൈൽ നമ്പർ പ്രവേശന നടപടികൾ പൂർത്തിയാകുന്നത് വരെ മാറ്റരുത്. പ്രവേശനത്തെ സംബന്ധിച്ച മെസ്സേജുകൾ ഈ നമ്പറിലേക്കാണ് അയക്കുന്നത്, കൂടാതെ പ്രൊഫൈലിൽ വേണ്ട മാറ്റങ്ങൾ വരുത്തുന്നതിലേക്കായും മൊബൈൽ നമ്പർ ആവശ്യമാണ്. ആയതിനാൽ ഇ.മെയിൽ ഐ.ഡി, മൊബൈൽ നമ്പർ എന്നിവ വിദ്യാർത്ഥിയുടെയോ രക്ഷകർത്താവിന്റെയോ മാത്രം നൽകുക.

➢ **ഇ.ഡബ്ല്യൂ.എസ്:** (എക്കണോമിക്കലി വീക്കർ സെക്ഷൻ): മറ്റ് സംവരണാനുകൂല്യങ്ങൾ ലഭിക്കാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണം ആണ്. വില്ലേജ് ഓഫീസർ നൽകുന്ന സാക്ഷ്യപത്രമാണ് ഈ സംവരണം

ലഭിക്കാൻ ആവശ്യമായ രേഖ. ബി.പി.എൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ് എന്നിവ ഇതിനായി പരിഗണിക്കുന്നതല്ല. (പ്രോസ്പെക്ടസ് ഖണ്ഡിക 5.6, അനുബന്ധം XI, XII കാണുക)

- ക്രീമിലെയർ സ്റ്റാറ്റസ് ശ്രദ്ധയോടെ മാത്രം നൽകുക. **എസ്.ഇ.ബി.സി.** സംവരണത്തിന് അർഹരായവർ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് കൈവശം കരുതേണ്ടതാണ്. നോൺ ക്രീമീലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാത്തപക്ഷം സംവരണാനുകൂല്യം ലഭിക്കുന്നതല്ല.
- എസ്.സി./ എസ്.ടി./ ഒ.ഇ.സി. മുതലായ സംവരണങ്ങൾക്കും ഒ.ഇ.സി. ഫീസ് ആനുകൂല്യങ്ങൾക്കും അർഹരായവർ അത് തെളിയിക്കാൻ ആവശ്യമായ സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്ന സമയം തന്നെ കയ്യിൽ കരുതേണ്ടതാണ്. (ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾക്കായി പ്രോസ്പെക്ടസ് ഖണ്ഡിക 5 കാണുക)
- Differenty Abled - ഭിന്നശേഷി ഉള്ളവർക്കായുള്ള സീറ്റിന് അപേക്ഷിക്കുന്നവർ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് (കാലാവധി 5 വർഷം) / സർക്കാർ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ രേഖ എന്നിവ കൈവശം സൂക്ഷിക്കണം. (പ്രോസ്പെക്ടസ് ഖണ്ഡിക 4.2 കാണുക). പെർമനെന്റ് ഡിസേബിൾഡ് ആയിട്ടുള്ള വിദ്യാർഥികൾക് അഞ്ചുവർഷ കാലയളവ് ബാധകമല്ല.
- NSS, NCC, SPC, Ex-Servicemen/widow or children of jawan and ex-servicemen മുതലായ വെയിറ്റേജ് മാർക്കുകൾക്ക് അർഹരായവർ ബന്ധപ്പെട്ട കോളങ്ങൾ ശ്രദ്ധയോടെ പൂരിപ്പിക്കുക. വെയിറ്റേജ് സംബന്ധമായ വിവരങ്ങൾക്ക് പ്രോസ്പെക്ടസ് ഖണ്ഡിക 6.5.1, 6.5.2 കാണുക.
- യു.ഐ.റ്റി. കളിലും സ്വാശ്രയ കോളേജുകളിലും ഉയർന്ന ഫീസ് നിരക്കാണ്. ആയതിനാൽ യു.ഐ.റ്റി കളും സ്വാശ്രയ കോളേജുകളും ഓപ്ഷനുകളായി നൽകുമ്പോൾ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുക. ഫീസ് നിരക്കുകൾ പ്രോസ്പെക്ടസിൽ അനുബന്ധമായി (അനുബന്ധം VIII, IX, X) നൽകിയിട്ടുണ്ട്.
- സ്പോർട്ട്സ് ക്വാട്ടയിൽ അപേക്ഷിക്കാൻ താല്പര്യമുള്ളവർ Have you represented any sports competitions എന്ന കോളത്തിൽ Yes എന്ന് നൽകണം. അതിനു ശേഷം നേട്ടം ഏത് തലത്തിലാണ് എന്നും ഏത് ഇനത്തിലാണ് എന്നും നൽകണം. സർവകലാശാല അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങൾ മാത്രമേ ലഭ്യമാവുകയുള്ളു എന്ന കാര്യം ശ്രദ്ധിക്കുക (സ്പോർട്സ് ക്വാട്ട അഡ്മിഷൻ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് പ്രോസ്പെക്ടസ് ഖണ്ഡിക 4.4 കാണുക).

**2. അക്കാഡമിക് പ്രൊഫൈൽ രജിസ്ട്രേഷൻ.**

- പ്ലസ് ടു പാസ്സായ വർഷം, ബോർഡ്, സ്ട്രീം, രജിസ്റ്റർ നമ്പർ, എത്രാമത് തവണയാണ് പാസായത് എന്നിവ കൃത്യതയോടെ നൽകേണ്ടതാണ്. ഒന്നിൽ കൂടുതൽ ചാൻസുകൾ ഉപയോഗിച്ച് പ്ലസ് ടു / യോഗ്യത പരീക്ഷ പാസായവർ Number of Appearances എന്ന കോളത്തിൽ കൃത്യമായ വിവരം (എത്രാമത് തവണയാണ് പാസായത് എന്ന്) നൽകണം. യോഗ്യതാ പരീക്ഷ പാസ്സാവാൻ എടുക്കുന്ന ഓരോ അധിക ചാൻസിനും ഇൻഡക്സ് മാർക്കിൽ നിന്ന് 10 മാർക്ക് കുറവു ചെയ്യുന്നതാണ്. അതിനാൽ ഈ വിവരം ശ്രദ്ധയോടെയും കൃത്യമായും നൽകേണ്ടതാണ് (പ്രോസ്പെക്ടസ് ഖണ്ഡിക 6.5.3 കാണുക).

- 2021-2022 അധ്യയന വർഷത്തിൽ കേരള ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി (എൻ എസ് ക്യൂ എഫ് ) പരീക്ഷ പാസ്സായവർ രജിസ്റ്റർ നമ്പറും വർഷവും നൽകുമ്പോൾ തന്നെ പ്ലസ് ടു പരീക്ഷക്ക് ലഭിച്ച മാർക്കുകൾ തനിയെ രേഖപ്പെടുത്തും. മറ്റ് വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിച്ച മാർക്ക് അതാത് കോളങ്ങളിൽ ശ്രദ്ധാപൂർവം രേഖപ്പെടുത്തേണ്ടതാണ്.
- ഓപ്പൺ സ്കൂൾ, മറ്റ് സംസ്ഥാന ബോർഡുകളുടെ പരീക്ഷ പാസ്സായ വിദ്യാർഥികൾ പ്രവേശന സമയത്ത് കേരള സർവകലാശാലയിൽ നിന്നുള്ള തുല്യതാ സർട്ടിഫിക്കറ്റ് (എലിജിബിലിറ്റി സർട്ടിഫിക്കറ്റ്) കോളേജിൽ ഹാജരാക്കണം. ഇത് മുൻകൂട്ടി കരുതിവയ്ക്കേണ്ടതാണ്.

**3. ഓപ്ഷനുകൾ നൽകുക.**

- ഓപ്ഷനുകൾ നൽകുന്നത് ശ്രദ്ധാപൂർവം ചെയ്യുക. വിദ്യാർഥികൾക്ക് താല്പര്യമുള്ള കോളേജുകളും കോഴ്സുകളും മാത്രം മുൻഗണനാ ക്രമത്തിൽ നൽകുക. ഓപ്ഷനുകൾ മുൻകൂട്ടി ധാരണയുണ്ടാക്കി ലിസ്റ്റ് ചെയ്തു വയ്ക്കുന്നത് നന്നായിരിക്കും.

**4. രജിസ്ട്രേഷൻ ഫീ അടക്കുക**

- രജിസ്ട്രേഷൻ ഫീസ് ഓൺലൈൻ ആയി മാത്രം അടക്കുക. (ഫീസ് വിവരങ്ങൾ പ്രോസ്പെക്ടസ് ഖണ്ഡിക 7.3 ൽ നൽകിയിട്ടുണ്ട്). ഇതിനായി ഇന്റർനെറ്റ് ബാങ്കിങ്, ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ തുടങ്ങിയവ ഉപയോഗിക്കാം. ഫീസ് അടക്കുമ്പോൾ ട്രാൻസാക്ഷൻ എറർ എന്തെങ്കിലും ഉണ്ടാവുകയോ അക്കൗണ്ടിൽ നിന്ന് തുക പോയിട്ടും വീണ്ടും ഫീസ് അടക്കാനുള്ള നിർദ്ദേശം ലഭിക്കുകയോ ചെയ്താൽ സർവകലാശാല അഡ്മിഷൻ വിഭാഗവുമായി ഫോൺ/ഇ.മെയിൽ മുഖാന്തരം ബന്ധപ്പെട്ട് മറുപടി ലഭിച്ച ശേഷം മാത്രം വീണ്ടും ഓൺലൈൻ പേയ്മെന്റിനു ശ്രമിക്കുക. മൾട്ടിപ്പിൾ പേയ്മെന്റ് നടന്നാൽ തുക റീഫണ്ട് ചെയ്യാൻ കാലതാമസം നേരിടുന്നതാണ്.

**5. ഫോട്ടോ, ഒപ്പ് എന്നിവ അപ് ലോഡ് ചെയ്യുക.**

- ഫോട്ടോ, ഒപ്പ് എന്നിവ അപ് ലോഡ് ചെയ്യുമ്പോൾ നിശ്ചിത ഫോർമാറ്റിലും വലിപ്പത്തിലും ഉള്ളത് മാത്രം ചെയ്യാൻ ശ്രദ്ധിക്കുക. [Photo with 150px X 200px (WIDTH X HEIGHT), maximum 40kb, .jpg format only]. Signature with 150px X 60px (WIDTH X HEIGHT), maximum 40kb, .jpg format only

**6. ആപ്ലിക്കേഷൻ വെരിഫൈ ചെയ്യുക.**

- നൽകിയ വിവരങ്ങൾ എല്ലാം തന്നെ ശ്രദ്ധയോടു കൂടി വായിക്കുക. രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിന് മുൻപായി ആവശ്യമെങ്കിൽ വേണ്ട തിരുത്തലുകൾ വരുത്താവുന്നതാണ്.

**7. പ്രിന്റൗട്ട് എടുക്കുക.**

- രജിസ്ട്രേഷൻ പൂർത്തിയായാൽ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

**8. പ്രൊഫൈൽ പാസ്സ്‌വേർഡ് മാറ്റുക.**

- ➢ രജിസ്ട്രേഷൻ പൂർത്തിയായ ശേഷം അടുത്ത ലോഗിൻ ചെയ്യുന്നതിന് മുന്നോടിയായി അപേക്ഷകർ നിർബന്ധമായും പ്രൊഫൈൽ പാസ്സ്‌വേർഡ് മാറ്റേണ്ടതാണ്. ടി പാസ്സ് വേർഡ് തുടർന്നുള്ള പ്രൊഫൈൽ സന്ദർശനങ്ങൾക്ക് അനിവാര്യമായതിനാൽ ആയതിന്റെ രഹസ്യ സ്വഭാവം നിലനിർത്താൻ ജാഗ്രത പുലർത്തുക.

- രജിസ്ട്രേഷൻ കാലയളവ് പൂർത്തിയാവുന്നതിനുള്ളിൽ അപേക്ഷാർത്ഥിയുടെ അറിവോ സമ്മതമോ കൂടാതെ മറ്റാരെങ്കിലും പ്രൊഫൈലിലെ വിവരങ്ങളിൽ മാറ്റം വരുത്താതിരിക്കാൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയാൽ ഉടൻ തന്നെ പ്രൊഫൈൽ ലോഗിൻ ചെയ്ത് പാസ്സ്‌വേർഡ് മാറ്റം വരുത്താൻ ശ്രദ്ധിക്കുക. (പ്രോസ്പെക്ടസ് ഖണ്ഡിക 7.4 കാണുക).
- അഡ്മിഷൻ നടപടികൾ പൂർത്തിയാകുന്നത് വരെ അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ആവശ്യമായതിനാൽ ഇവ ഓർത്തിരിക്കേണ്ടതാണ്. അലോട്ട്മെന്റ് പരിശോധിക്കാനും തുടർ നടപടികൾക്കും ഇത് ആവശ്യമാണ്.
- തിരുത്തലുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അപേക്ഷ സമർപ്പിച്ച കഴിഞ്ഞ് നിശ്ചിത സമയത്തിനകം പ്രൊഫൈലിലെ **"Completed Profile"** ലിങ്ക് ക്ലിക്ക് ചെയ്ത് നൽകിയ വിവരങ്ങളിൽ മാറ്റം വരുത്താവുന്നതാണ്. രജിസ്ട്രേഷൻ അവസാനിക്കുന്നതിനു മുൻപായി **പ്രൊഫൈലിൽ എന്ത് മാറ്റം വരുത്തിയാലും അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.**
- **ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവ്വകലാശാലയിലേക്ക് അയക്കേണ്ടതില്ല. ആയത് പ്രവേശന സമയത്ത് കോളേജിൽ ഹാജരാക്കേണ്ടതാണ്.**
- വിദ്യാഭ്യാസ യോഗ്യത, സംവരണം, ഗ്രേസ് മാർക്കുകൾ മുതലായവയ്ക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്ന സമയം തന്നെ കയ്യിൽ കരുതേണ്ടതാണ് (ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളുടെ വിശദ വിവരം പ്രോസ്പെക്ടസിൽ പേജ് നം: 28ൽ നൽകിയിട്ടുണ്ട്). **പ്രവേശനം ലഭിച്ചാൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ കൂടുതൽ സമയം യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.**
- സ്പോർട്ട്സ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട എന്നിവയുടെ രജിസ്ട്രേഷൻ ഓൺലൈൻ മുഖേനയാണ് ചെയ്യേണ്ടത്.

<u>സ്പോർട്ട്സ് ക്വാട്ട</u>

- ➢ വിദ്യാർഥിയുടെ പ്രൊഫൈൽ രജിസ്ട്രേഷൻ സ്റ്റെപ്പിൽ (Step 1) Have you represented any sports competitions" എന്ന കോളത്തിൽ Yes നൽകിയവർക്ക് മാത്രമേ സ്പോർട്ട്സ് ക്വാട്ട രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ. ഇങ്ങനെയുള്ളവർക്ക് സ്റ്റെപ് 5 ന് ശേഷം (ഓപ് ഷനുകൾ നൽകി കഴിഞ്ഞാൽ) സ്പോർട്ട്സ് നേട്ടങ്ങളുടെ സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യുന്നതിനായി ഒരു വിൻഡോ ലഭ്യമാവും. വെബ് സൈറ്റിലെ നിശ്ചിത കോളത്തിൽ സ്പോർട്ട്സ് നേട്ടം സെലക്ട് ചെയ്ത് അതിന്റെ സർട്ടിഫിക്കറ്റ് സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷാർത്ഥിയുടെ ഓരോ നേട്ടങ്ങളുടെയും സർട്ടിഫിക്കറ്റുകളും തുല്യമായ നേട്ടം സെലക്ട് ചെയ്ത് അപ്‌ലോഡ് ചെയ്യാൻ ശ്രദ്ധിക്കുക. സർട്ടിഫിക്കറ്റുകൾ എത്ര എണ്ണം വേണമെങ്കിലും അപ്‌ലോഡ് ചെയ്യാവുന്നതാണ്. സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്തു കഴിഞ്ഞാൽ അടുത്ത സ്റ്റെപ്പിലേക്ക് പോകാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയായാൽ പ്രൊഫൈലിലെ സ്പോർട്ട്സ് ക്വാട്ട ലിങ്ക് ഉപയോഗിച്ച് അപ്‌ലോഡ് ചെയ്ത

സർട്ടിഫിക്കറ്റുകൾ കാണാൻ സാധിക്കുന്നതാണ്. നിശ്ചിത തീയതിക്കുള്ളിൽ പുതിയവ അപ് ലോഡ് ചെയ്യുവാനും നിലവിലുള്ളവ നീക്കം ചെയ്യാനും സാധിക്കും.

രജിസ്ട്രേഷൻ പൂർത്തിയായവർ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള സ്പോർട്ട്സ് ക്വാട്ട പ്രോഫോമ ഡൗൺലോഡ് ചെയ്ത് തങ്ങൾ ഓപ്ഷൻ നൽകിയ കോളേജുകളിൽ (സ്പോർട്ട്സ് ക്വാട്ടയിൽ പ്രവേശനത്തിന് താല്പര്യമുള്ള കോളേജുകളിൽ മാത്രം) ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാവുന്ന തീയതിക്ക് മുൻപായി .ഇപ്രകാരം സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യുകയും നിശ്ചിത തീയതിക്ക് മുൻപായി കോളേജിൽ പ്രോഫോമ സമർപ്പിക്കുകയും ചെയ്യുന്നവർ മാത്രമേ സ്പോർട്ട്സ് ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപെടുകയും പ്രവേശനത്തിന് അർഹത നേടുകയും ചെയ്യുകയുള്ളൂ. പ്രോഫോമ സമർപ്പിച്ചിട്ടുള്ള കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ മാത്രമേ അപേക്ഷാർഥി ഉൾപ്പെടുകയുള്ളൂ എന്നുള്ള കാര്യം ശ്രദ്ധിക്കുക.

<u>കമ്മ്യൂണിറ്റി ക്വാട്ട</u>

- കമ്മ്യൂണിറ്റി ക്വാട്ടയിൽ അപേക്ഷ നല്കാൻ അർഹരായ അപേക്ഷാർത്ഥികൾ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയ ശേഷം പ്രൊഫൈലിലെ കമ്മ്യൂണിറ്റി ക്വാട്ട ലിങ്ക് ഉപയോഗിച്ച് താല്പര്യമുള്ള ഓപ്ഷനുകൾ പ്രത്യേകം സമർപ്പിക്കണം **(മൂന്നാം അലോട്ട്മെന്റിന് ശേഷം).** കമ്മ്യൂണിറ്റി കോട്ടയിൽ പരമാവധി 20 ഓപ്ഷനാനുകൾ നൽകാവുന്നതാണ് . ജനറൽ അലോട്ട്മെന്റിനായി നൽകിയ ഓപ്ഷനുകൾ കമ്മ്യൂണിറ്റി ക്വാട്ടയിലേക്ക് പരിഗണിക്കുന്നതല്ല. അപേക്ഷാർത്ഥിയുടെ കാറ്റഗറി, കാസ്റ്റ് എന്നിവ അടിസ്ഥാനപ്പെടുത്തി യോഗ്യമായ കോളേജുകൾ മാത്രമേ ഇവിടെ ഓപ്ഷനായി കാണിക്കുകയുള്ളൂ. ഓപ്ഷനുകൾ സമർപ്പിച്ച കഴിഞ്ഞാൽ കമ്മ്യൂണിറ്റി ക്വാട്ട അപേക്ഷാ ഫോം പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

- സ്പോർട്ട്സ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട എന്നിവയുടെ അഡ്മിഷൻ സംബന്ധിച്ച വിശദ വിവരങ്ങൾക്കായി പ്രോസ്പെക്ടസ് ഖണ്ഡിക 4.4, 4.5.b എന്നിവ വായിക്കുക. അതാത് സമയത്തെ മറ്റ് നിർദ്ദേശങ്ങൾ പത്രക്കുറിപ്പായി നൽകുന്നതാണ്.
- ഓൺലൈൻ അഡ്മിഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് **8281883052 (Watsapp/Call)**, **8281883053( Call only )** എന്നീ നമ്പറുകളിലോ **onlineadmission@keralauniversity.ac.in** എന്ന ഇ.മെയിൽ ഐഡിയിലോ ബന്ധപ്പെടുക.

Sd/-

**രജിസ്ട്രാർ**